
കുഞ്ഞുണ്ണിയുടെ കുടുംബക്കാർ എത്രയോ തലമുറകളായി സസ്യഭുക്കുകളാണ്. വീട്ടിന്റെ അയൽപക്കത്തുപോലും മീനും മുട്ടയും ഇറച്ചിയും പാകംചെയ്യുന്നതു് അവർക്ക് ഇഷ്ടമല്ല. അതുകൊണ്ടാണ് അന്യായവില കൊടുത്തു് അടുത്ത പറമ്പും വീടും അവർ വാങ്ങിയതു്. കാററുവാക്കിനുള്ള ആ വീട്ടിൽ ഉണക്കമീൻ ചുട്ടുതിന്നുന്ന ഒരുകൂട്ടർ താമസമാക്കിയതുമൂലം അനുഭവിക്കേണ്ടിവന്ന ദുരിതം പറഞ്ഞാൽ തീരുകയില്ല. ഒടുവിൽ പുരയിടം വിലയ്ക്കു വാങ്ങി അവരെ ഒഴിപ്പിക്കേണ്ടിവന്നു.

E
178SPL




ഇങ്ങനെയുള്ള ചുററുപാടുകളിൽ വളർന്ന കുഞ്ഞുണ്ണി സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി നല്ല മാർക്കുവാങ്ങി ജയിച്ചപ്പോൾ അവനെ കോളേജിൽ അയയ്ക്കണമെന്നു് വീട്ടുകാർ നിശ്ചയിച്ചു. ഏതു ഗ്രൂപ്പാണ് എടുക്കേണ്ടതു് എന്നുള്ളതിനെപ്പററി ആർക്കും ഒരു രൂപവുമില്ലായിരുന്നു. അക്കാര്യത്തിൽ അല്പം അകലെ താമസിച്ചിരുന്ന ഒരു ബി.എ.,എൽ.ടി. ക്കാരൻ സ്കൂൾമാസ്റ്ററോടു ചോദിച്ചു നിശ്ചയിക്കാമെന്നുകരുതി കുഞ്ഞുണ്ണിയും അച്ഛനും കൂടി അവിടെ പോയി. സർട്ടിഫിക്കററുബുക്കു വാങ്ങി പരിശോധിച്ചശേഷം ആ അദ്ധ്യാപകൻ പറഞ്ഞതു് ഇങ്ങനെയാണ്:

"കണക്കിനു് അത്ര കേമമായ മാർക്കൊന്നും കിട്ടിയിട്ടില്ല. എന്നാൽ സയൻസിനു് നല്ല മാർക്കുണ്ടു്. ഈ കുട്ടിയെ ബയോളജി ഗ്രൂപ്പിൽ ചേർക്കുകയാണു നല്ലതു്. അതെടുത്താൽ മെഡിസിൻ പഠിക്കാൻ അയയ്ക്കാം. ഒരു ഡോക്ടറാകുന്നതിനേക്കാൾ നല്ല തൊഴിലുണ്ടോ? എന്താണ് ഓരോരുത്തരും ഉണ്ടാക്കുന്ന ആദായം! തൊനും അതിനു വല്ലതും പോകേണ്ടതായിരുന്നു. എന്തുചെയ്യാം! തലേലെഴുത്തു് മാററാൻ കഴിയുമോ?"

ഈ ഉപദേശവും മാർഗ്ഗനിർദ്ദേശവും സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് കുഞ്ഞുണ്ണി ബയോളജി (ജീവശാസ്ത്രം) പഠിക്കുവാൻ വന്നതു്. അന്നൊക്കെ സാമാന്യം നല്ല മാർക്കുണ്ടെങ്കിൽ കോളേജിൽ ചേരുവാൻ പ്രയാസമില്ലായിരുന്നു. ഇപ്പോഴതു് പുരാണകഥപോലെ തോന്നുന്നു.

ചെടികളെപ്പററി പഠിക്കുവാൻ കുഞ്ഞു

ണ്ണിക്ക് സന്തോഷമായിരുന്നു. ഇലയും പൂവും കായും ഒക്കെയേ അതിൽ കൈകാര്യം ചെയ്യേണ്ടിയിരുന്നുള്ളു. പക്ഷേ, ജന്തുശാസ്ത്രം അയാൾക്ക് പരമദുസ്സഹമായിട്ടാണ് തീന്നതു്. തവളയെ കീറുന്ന ക്ലാസ്സ് എങ്ങനെ നേരിടുമെന്ന് അയാൾ കൂടക്കൂടെ ആലോചിച്ച് ഞെട്ടാറുണ്ടായിരുന്നു. ഒടുവിൽ അതിന്റെ സമയവും വന്നു. പേടിച്ചിരുന്നാൽ പററുകയില്ലെന്നു കൂട്ടുകാരും സ്വന്തം മനഃസാക്ഷിയും പറഞ്ഞതനുസരിച്ച് കുഞ്ഞുണ്ണി ധൈര്യം പൂണ്ടു് ആ ക്ലാസ്സിൽ ഹാജരായി. മീനും ഇറച്ചിയുമൊന്നും തിന്നുകയില്ലെന്നു് കരുതേണ്ട ഒരു ബ്രാഹ്മണനായിരുന്നു അദ്ധ്യാപകൻ. ക്ലോറോഫോം കൊടുത്തു കൊന്ന വലിയ തവളകളെ നിരത്തി മലത്തി വെച്ചിരിക്കുന്ന ക്ലാസ്സിലേക്ക് അദ്ദേഹം വിദ്യാർത്ഥികളെ കൂട്ടിക്കൊണ്ടുപോയി. ആ വലിയ മുറിയിൽ കയറിയപ്പോൾതന്നെ കുഞ്ഞുണ്ണിക്ക് അസുഖം തോന്നി. പണ്ടു് അയൽപക്കത്തുകാരൻ മീൻചുട്ടപ്പോൾ മൂക്കിനുള്ളിലേക്കു തുളച്ചുകയറിയ ദുർഗ്ഗന്ധവും തൻമൂലമുണ്ടായ മനംമറിപ്പും ഛർദ്ദിയും എല്ലാം അയാൾ ഓർമ്മിച്ചു. വല്ലവിധവും ആ ചിന്തകളിൽ നിന്നു് മനസ്സിനെ പിൻതിരിപ്പിച്ചുകൊണ്ടു് അദ്ധ്യാപകൻ ഇരുന്ന മേശയ്ക്കരികിൽ ചെന്നു നിന്നു

അദ്ദേഹം യാതൊരു അറപ്പോ വെറുപ്പോ കൂടാതെ ചത്ത തവളയെ കൈയ്യിലെടുക്കുന്നതും, ഒരു വീഞ്ഞപ്പലകമേൽ അതിനെ മലത്തിക്കിടത്തി കൈകാലുകൾ വലിച്ചുപിടിച്ച് ആണി തറയ്ക്കുന്നതും എല്ലാം അല്പമൊരു അത്ഭുതത്തോടെ കുഞ്ഞുണ്ണി നോക്കിനിന്നു. അതുകഴിഞ്ഞു കത്രികകൊണ്ടുള്ള അറുത്തുമുറിപ്പു തുടങ്ങി. ആ സാധുജീവിയെ ഇങ്ങനെ ദ്രോഹിക്കുന്നുവല്ലോ എന്നോർത്ത് അയാൾക്കു സങ്കടം തോന്നി. പക്ഷേ, അപ്പോഴാണു കൊന്ന തവളയാണെന്ന വസ്തുത ഓർമ്മ വന്നതു്. തന്മൂലം അല്പമൊരു ആശ്വാസം തോന്നി. എന്നാലും, മരിച്ചുകിടക്കുന്ന ഒരു മനുഷ്യനെ ആരെങ്കിലും ഇങ്ങിനെ കീറുമോ? ഈ സന്ദർഭത്തിലാണ് അദ്ധ്യാപകൻ തവളയുടെ വയറിന്റെ ഭിത്തി നെടുകെ മുറിച്ചതു്. അപ്പോൾ ഒഴുകിയ ചോരയും, അകത്തു കുഴഞ്ഞുമറിഞ്ഞു കിടക്കുന്ന കുടലും പണ്ടങ്ങളും കണ്ടു കുഞ്ഞുണ്ണിക്കു തലച്ചുററലുണ്ടായി. കണ്ണു് അല്പനേരം അടച്ചു് അടുത്തുനിന്ന സഹപാഠിയുടെ തോളിൽ പിടിച്ചുകൊണ്ടു് അയാൾ ഉറച്ചുനില്ക്കുവാൻ ശ്രമിച്ചു. ഈ സമയത്താണു് അദ്ധ്യാപകൻ, തവളയുടെ നെഞ്ചിന്റെ ഉള്ളിലേക്കു കത്രിക കടത്തി അല്പം ബലം പ്രയോഗിച്ച് അതിന്റെ നെഞ്ചെല്ല് "Ο ക്ക" എന്നൊരു ശബ്ദത്തോടെ മുറിച്ചതു്. കുഞ്ഞുണ്ണി ഞെട്ടിപ്പോയി. അദ്ധ്യാപകൻ ഉടൻതന്നെ തവളയുടെ കൈകളിൽ തറച്ചിരുന്ന ആണികൾ ഇളക്കി, നെഞ്ചു് നല്ലതുപോലെ തുറന്നുവരത്തക്കവണ്ണം അകററിത്തറച്ചു. കുഞ്ഞുണ്ണി അങ്ങോട്ടു് ഒന്നേ നോക്കിയുള്ളു. നെഞ്ചിനകത്തു്, ചത്തതെന്നു വിശ്വസിച്ച ആ സാധു ജന്തുവിന്റെ, ഉള്ളിയുടെ ആകൃതിയുള്ള ഹൃദയം വീർക്കുകയും ചുരുങ്ങുകയും ചെയ്യുന്നു! വീർക്കുമ്പോൾ അതിന്റെ അഗ്രഭാഗം നിറം കടുത്തു് ഉയർന്നുവരുന്നതും കണ്ടു. ഈ കാഴ്ച കണ്ടുകൊണ്ടു നില്ക്കുവാൻ ആ വിദ്യാർത്ഥിക്കു കഴിഞ്ഞതേയില്ല. അയാൾ മോഹാലസ്യപ്പെട്ടു നിലത്തുവീണു.

"മെഡിസിനു പോകണം" എന്ന ലക്ഷ്യത്തോടുകൂടി ജന്തുശാസ്ത്രം പഠിക്കുവാൻ വന്ന കുഞ്ഞുണ്ണിയുടെ അരങ്ങേററം ഇങ്ങനെയാണു നടന്നതു്. അതിനുശേഷം അയാൾ കുറച്ചുദിവസത്തേക്കു ക്ലാസ്സിൽ വന്നില്ല. പിന്നെ വീട്ടുകാരുടെയും കൂട്ടുകാരുടെയും അഭ്യുദയകാംക്ഷികളായ നാട്ടുകാരുടെയും ഗുണദോഷവും ധൈര്യപ്പെടുത്തലും കൊണ്ടു് അയാൾ പഠിത്തം തുടരുവാൻതന്നെ നിശ്ചയിച്ചു. ചത്ത ജന്തുക്കളെ മാത്രമല്ല ജീവനുള്ളവയെയും അയാൾ വെറുത്തു. അദ്ധ്യാപകന്മാർ പലപ്പോഴും കളിയാക്കുകയും ചിലപ്പോഴൊക്കെ ദേഷ്യപ്പെടുകയും, കരയാൻ തുടങ്ങുമ്പോൾ സ്നേഹപൂർവം ഉപദേശിക്കുകയും ചെയ്തെങ്കിലും, ജന്തുശാസ്ത്രം തനിക്കു പററിയതല്ല എന്നു കുഞ്ഞുണ്ണിക്കു ബോദ്ധ്യമായി. ആ വിശ്വാസത്തിൽ നിന്നു് ആരു വിചാരിച്ചിട്ടും അയാളെ ഇളക്കുവാൻ സാധിച്ചില്ല.

അതിനിടയ്ക്കു് ഒരു ക്ലാസ്സിൽ എല്ലുകൾ വേർതിരിക്കുന്നതിനുവേണ്ടി തവളയെ പുഴുങ്ങിക്കൊടുത്തപ്പോൾ കുഞ്ഞുണ്ണി ഛ



Digitized by Kerala Sahitya Akademi

ദ്ദീക്ഷകയുണ്ടായി. "ഇതു നല്ല കോഴിയിറച്ചിപോലെ ഇരിക്കുന്നല്ലോ" എന്നു് ഒരു സഹപാഠി നാക്കിൽ വെള്ളം ഊറിച്ചുകൊണ്ടു് പറഞ്ഞപ്പോഴാണു് ഇതു സംഭവിച്ചതു്. "ചൈനാക്കാരും ഫ്റെഞ്ചുകാരും, അടുത്തകാലത്തായി അമേരിക്കക്കാരും തവളയെ തിന്നാറുണ്ടു്." എന്നു് അദ്ധ്യാപകനും പറഞ്ഞു. ഇതു് നമ്മുടെ നാട്ടിൽ തവളനായാട്ടു് തുടങ്ങുന്നതിനു മുമ്പുള്ള കഥയാണു്. വയലുകളിലും വെള്ളക്കെട്ടുകളിലും രാത്രികാലത്തു് വിളക്കുംകൊണ്ടു നടന്നു് തവളകളെ പിടിച്ചു് പച്ചജീവനോടെ അവയുടെ പിൻകാലുകൾ മുറിച്ചെടുത്തു് വില്ക്കുന്ന വ്യവസായം തുടങ്ങിയതിനു ശേഷമാണു് കുഞ്ഞുണ്ണി പഠിക്കാൻ വന്നതെങ്കിൽ ഈ പ്രയാസങ്ങൾ ഉണ്ടാകുമായിരുന്നോ എന്നു് സംശയമാണു്. ഇന്നിപ്പോൾ തവളയെ കിട്ടാനില്ലാത്തതുകൊണ്ടു് ഈ ഡോളർവ്യവസായം മുടങ്ങിപ്പോയിരിക്കുകയാണെന്നു പറയുന്നു. അമേരിക്കക്കാരന്റെ തവളക്കൊതിയും ശമിച്ചിരിക്കാം.

ജന്തുശാസ്ത്രപഠനത്തിൽ കുഞ്ഞുണ്ണിക്കു് ഒരുവിധത്തിലും മനസ്സിലാകാത്ത കീറാമുട്ടിയായിത്തീർന്നതു് കൊഞ്ചു് എന്ന ജന്തുവിന്റെ ശരീരഘടനയാണു്. അതിന്റെ ദുർഗ്ഗന്ധം സഹിക്കുവാനുള്ള ചങ്കൂറ്റം അയാൾ സമ്പാദിച്ചു. ശരിയായ പ്രാണായാമം കൊണ്ടാണു് ഇതു സാധിച്ചതു്. ആദ്യത്തെ ദിവസം അയാൾക്കു് ക്ലാസ്സിൽ കിട്ടിയ കൊഞ്ചിന്റെ രണ്ടു കണ്ണും പൊട്ടിപ്പോയിരുന്നതുകൊണ്ടു്, തലയേതു് വാലേതു് എന്നു് നിശ്ചയിക്കാൻ തന്നെ പ്രയാസമായി. വല്ലവിധവും അക്കാര്യം നിർണ്ണയിക്കുകയും, അതിന്റെ വികൃതമായ ഒരു ചിത്രം വരയ്ക്കുകയും ചെയ്തതോടെ ശല്യം തീർന്നു എന്നു കരുതി. പൂരകകുംഭകഘട്ടങ്ങൾ തരണം ചെയ്തു് രേചകക്രിയയിൽ എത്തി ശ്വാസം വിട്ടപ്പോഴാണു് അദ്ധ്യാപകൻ—ആ കുസലില്ലാത്ത ബ്രാഹ്മണൻ തന്നെ പറയുന്നതു്, ആ ജന്തുവിന്റെ കാലുകൾ ഓരോന്നായി പറിച്ചെടുത്തു് മുറതെറ്റാതെ നിരത്തിവെയ്ക്കണമെന്നു്. എന്താണു ചെയ്യുക? അകപ്പെട്ടുപോയില്ലേ? കൊഞ്ചിന്റെ കാലു പിടിക്കണമെന്നു പറഞ്ഞാൽ പിടിക്കാതെ നിവൃത്തിയില്ലല്ലോ!



"നാളെ ഇൻസ്പെക്ടർ വരുന്നതിനാൽ സ്കൂൾ അടിച്ചുവാരണമെന്നാണു ഹെഡ് മാസ്റ്റർ പറയുന്നെ"

കൊഞ്ചിനു് ശരീരത്തിന്റെ അടിവശത്തു്, ഒന്നും രണ്ടുമല്ല, 19 ജോടി കാലുകളാണു് ഉള്ളതു്—അഥവാ ഉണ്ടെന്നു് അദ്ധ്യാപകൻ പറയുന്നതു്. ഇതിൽ നാലഞ്ചെണ്ണം കണ്ടാലും കാലാണെന്നു തോന്നും. ബാക്കിയെല്ലാം കാലാണെന്നു് വെറുതെ പറയുകയാണു്. മുറത്തിന്റെ രൂപത്തിലും പല്ലിന്റെ രൂപത്തിലും ചമ്മട്ടിയുടെ രൂപത്തിലും ഉള്ള അവയവങ്ങളെല്ലാം കാലാണത്രെ! രൂപം മാത്രമല്ല ധർമ്മവും ഭിന്നമാണു്. വീശാനും കടിക്കാനും സ്പർശിക്കാനും മററുമാണു് ഈ "കാലു"കളിൽ ചിലതു് ഉപയോഗപ്പെടുന്നതു്.

ഈ ഉപാംഗങ്ങളുടെ അടുക്കും മുറയും എത്ര ശ്രമിച്ചിട്ടും കുഞ്ഞുണ്ണിക്കു് മനസ്സിലാക്കുവാൻ സാധിച്ചില്ല. ചിലതു് ഭൂതക്കണ്ണാടികൊണ്ടു നോക്കിയാലേ കാണുകയുള്ളൂ. അതു് കൂർത്ത മുനയുള്ള ചവ



Digitized by Kerala Sahitya Akademi

ന്ന ഉപയോഗിച്ചാണ് പറിച്ചെടുക്കേണ്ടത്. അദ്ധ്യാപകൻ, മാതൃക കാണിക്കുവാൻ വേണ്ടി, ആദ്യമേതന്നെ ഒരു വശത്തുള്ള 19 ഉപാംഗങ്ങളും ഇളക്കിയെടുത്ത്, കറുത്ത കടലാസ്സിന്മേൽ ഒരു വരിയായി മൊട്ടുസൂചി തറച്ച് അടുക്കിവെച്ചിരുന്നു. ഉണങ്ങിപ്പോകാതെ വെള്ളത്തിനടിയിൽ മുക്കിവെച്ചിരുന്നതുകൊണ്ട് ഓരോന്നിന്മേലുമുള്ള രോമങ്ങൾ പോലും വ്യക്തമായി കാണാൻ സാധിച്ചു. നാലഞ്ചുപ്രാവശ്യം കുഞ്ഞുണ്ണി അതു ശ്രദ്ധിച്ചുനോക്കി. മുകളിൽ നിന്ന് താഴോട്ടും താഴെ നിന്ന് മുകളിലോട്ടും എണ്ണുകയും ചെയ്തു. ശരിയാണ്; 19 എണ്ണവും കൃത്യമായി ഉണ്ട്. ഏതു കൊഞ്ചിന്റെയും ശരീരത്തിൽ ഇതെല്ലാം വ്യത്യാസമില്ലാതെ കാണുമെന്നാണ് അദ്ധ്യാപകൻ ഉറപ്പിച്ചുപറഞ്ഞത്, പക്ഷേ, കുഞ്ഞുണ്ണി എത്ര ശ്രമിച്ചിട്ടും പതിനാറ് എണ്ണത്തിൽ കൂടുതൽ കിട്ടിയില്ല, അതിൽതന്നെ പലതും ഒടിഞ്ഞും മുറിഞ്ഞുമാണ് വേർപെട്ടതും. അദ്ധ്യാപകൻ ചെയ്തുവെച്ചതുപോലെ കൊഞ്ചിന്റെ ഇടത്തുവശത്തെ ഉപാംഗങ്ങൾ മാത്രം കൊണ്ട് ഈ ചുരുങ്ങിയ എണ്ണമെങ്കിലും തികയ്ക്കുവാനും പററിയില്ല. വശം തെററിപ്പോയാൽ അടുക്കിവെയ്ക്കുവാൻ പ്രയാസം നേരിടും. ഒററനോട്ടത്തിൽ തന്നെ അദ്ധ്യാപകൻ അതു കണ്ടുപിടിക്കുകയും ചെയ്യും.

മൂന്നുനാലു കൊഞ്ചിനെ ഒരു ഫലവുമില്ലാതെ പിച്ചിച്ചീന്തിയതിനുശേഷം കുഞ്ഞുണ്ണി ഒരു പുതിയ തന്ത്രം ഉപയോഗിച്ചുനോക്കി. ആദ്യം കൊഞ്ചിന്റെ അടിവശത്തു ഉപാംഗങ്ങൾ മുഴുവനും ഛേദിച്ചു വെള്ളത്തിലിടുക: എന്നിട്ട് ഓരോന്നായി എടുത്തുകൊണ്ടുപോയി അദ്ധ്യാപകൻ ചെയ്തുവെച്ചിരിക്കുന്ന മാതൃകയുമായി ഒത്തുനോക്കി, അതിന്റെ സ്ഥാനം മന


കമ്പി: അമൃതം. പി. ബി. നമ്പ്ര്: 1382 ഫോൺ: 26006

# ദി ആര്യവൈദ്യ ഫാർമസി

(കോയമ്പത്തൂർ) ലിമിറ്റഡ്.

ഹെഡ്ഓഫീസ്: 366, ട്രിച്ചിറോഡ്, കോയമ്പത്തൂർ-18.

*ബ്രാഞ്ചുകൾ:* ന്യൂഡെൽഹി-5, മദിരാശി-14, കോഴിക്കോട്-1, തൃശ്ശൂർ-1, കണ്ണൂർ-1, എറണാകുളം: കൊച്ചി-16, പൊന്നാനി, പാലക്കാട്-1, കോയമ്പത്തൂർ-18, കോഴിക്കോട്-2, കണ്ണൂർ-2, കഞ്ചിക്കോട്, ആലത്തൂർ, കോയമ്പത്തൂർ-1, എടപ്പാൾ. കൂടാതെ 90-ലധികം ഏജൻസികളും സ്റ്റോക്കിസ്റ്റുകളും.

*ഫാക്ടറി:* കഞ്ചിക്കോട്, *പാലക്കാട്ജില്ല.*

*ചികിത്സാലയം:* രാമനാഥപുരം, *കോയമ്പത്തൂർ-18.*

*ശാസ്ത്രീയമായി നിർമ്മിച്ച ആയുർവ്വേദഔഷധങ്ങളും, വിദഗ്ദ്ധവൈദ്യോപദേശവും ഹെഡ്ഡാഫീസിൽനിന്നും ബ്രാഞ്ചുകളിൽനിന്നും ലഭിക്കുന്നതാണ്. ഏജൻസിവ്യവസ്ഥകൾക്കും മററു കൂടുതൽ വിവരങ്ങൾക്കും എഴുതുക:—*

ആര്യവൈദ്യൻ പി. വി. രാമവാരിയർ

പ്രധാന വൈദ്യനും മാനേജിംഗ്ഡയറക്ടറും.





Digitized by Kerala Sahitya Akademi

സ്സിലാക്കി, മുറയനുസരിച്ചു നിരത്തിവെക്കുക. ഇതു് എളുപ്പമുള്ളതും തെററാത്തതുമായ വിദ്യയാണെന്നു വിചാരിച്ചെങ്കിലും, ചെയ്തുനോക്കിയപ്പോൾ വളരെ പ്രയാസമായിട്ടാണു കണ്ടതു്. ഇരുവശത്തെയും ഉപാംഗങ്ങൾ ഒന്നിച്ചു ഛേദിച്ചെടുക്കുകയാൽ ആകെ മുപ്പത്തിയെട്ടു് എണ്ണമുണ്ടു്. എല്ലാം കൂടിക്കലർന്നു കിടക്കുകയാണു്. അതുകൊണ്ടു കുഞ്ഞുണ്ണി 38 പ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും നടക്കുകയും ഓരോ ഉപാംഗവും അദ്ധ്യാപകൻ എടുത്തുവെച്ചിരിക്കുന്ന 19 മാതൃകകളുമായി ഒത്തുനോക്കുകയും ചെയ്യേണ്ടിവരുമല്ലോ. കഷ്ടിച്ചു നാലഞ്ചെണ്ണം ഏകദേശം ഒപ്പിച്ചെടുത്തപ്പോഴേക്കു ക്ലാസ്സിന്റെ സമയം കഴിഞ്ഞു മണിയടിച്ചു. അടുത്ത ക്ലാസ്സിൽ ഷേക്സ്പിയറുടെ നാടകം പഠിക്കാൻപോകണം. കുഞ്ഞുണ്ണി ചവണയും ഭൂതക്കണ്ണാടിയുമെല്ലാം മേശപ്പുറത്തുവെച്ചു്, "കൊഞ്ചേ! നിന്നോടു ഞാൻ തോററു" എന്നു തലകുലുക്കി ശപിച്ചശേഷം കൈ കഴുകി, പുസ്തകങ്ങളുമെടുത്തു ക്ലാസ്സുവിട്ടു.

വികസനപദ്ധതികളുടെയും വിദേശസഹകരണത്തിന്റെയും ഫലമായി നമ്മുടെ നാട്ടിൽ ചെമ്മീൻ (അതുതന്നെയാണു കൊഞ്ചു്) വ്യവസായം വൻതോതിൽ വളരുകയും, നീണ്ടകരയിലും പുറക്കാട്ടും ഞാറയ്ക്കലും ആഴക്കടലിൽനിന്നു് യന്ത്രബോട്ടുകളും നൈലോൺവലകളും ഉപയോഗിച്ചു പിടിക്കുന്ന പ്രസ്തുത ജന്തുവിന്റെ പ്രളയംതന്നെ ഉണ്ടാവുകയും ചെയ്തപ്പോൾ ഞാൻ കുഞ്ഞുണ്ണിയെ ഓർത്തു. അയാൾ ക്ലാസ്സിൽവെച്ചു കൊഞ്ചിനോടു തോറെറങ്കിലും ഒടുവിൽ പരീക്ഷയിൽ ജയിച്ചു. പക്ഷേ, ആദ്യം ഉദ്ദേശിച്ചതുപോലെ "മെഡിസിൻ പഠിക്കുവാൻ" പോയെന്നു തോന്നുന്നില്ല. പിന്നത്തെ കഥയൊന്നും അറിയാൻ ഇടയായിട്ടില്ല. ഇതൊരു ചെറിയ ലോകമാണെന്നു പറയാറുണ്ടെങ്കിലും നാം ഓരോരോ കാലത്തു കണ്ടുമുട്ടുകയും പരിചയപ്പെടുകയും ചെയ്യുന്ന ആളുകളുടെ പില്ക്കാലത്തെ ജീവിതഗതി പലപ്പോഴും അജ്ഞാതമാണു്. എന്നാലും, വിധി ചിലപ്പോൾ നിർദ്ദയമായ വാശിയോടെ പെരുമാറുന്നതു കണ്ടിട്ടുണ്ടു്. നാം അങ്ങേയററം വെറുക്കുന്ന ചുററുപാടുകളിൽതന്നെ അതു നമ്മുടെ ജീവിതത്തെ തളച്ചിട്ടുകളയും! കുഞ്ഞുണ്ണിയും അതുപോലെ, തലയിലെഴുത്തിലെ ജന്തുബന്ധത്തിന്റെ ശക്തികൊണ്ടു്, ഇപ്പോൾ എവിടെയോ ചെമ്മീൻ വ്യവസായത്തിൽ ഏർപ്പെട്ടു്, കൊഞ്ചിന്റെ ശരീരഘടനയിൽതന്നെ കുബേരത്വത്തിലേക്കുള്ള കുറുക്കുവഴി കണ്ടുപിടിച്ചു്, വിജയകരമായ ജീവിതം നയിക്കുകയല്ലെന്നു് ആരറിഞ്ഞു!

—:—

# വികൃതി

കാററുണ്ടിതിലേ പോയീട്ടന്നെ-
ന്നറിയാമിലകൾ വിറക്കുമ്പോൾ

കാററുണ്ടിതിലേ പോയീട്ടന്നെ-
ന്നറിയാം ചില്ലകളാടുമ്പോൾ

കാററുണ്ടിതിലേ പോയീട്ടന്നെ-
ന്നറിയാം കൊമ്പുകൾ കുനിയുമ്പോൾ

കാററുണ്ടിതിലേ പോയീട്ടന്നെ-
ന്നറിയാം വൃക്ഷം വീഴുമ്പോൾ

അറിയാമറിയാമിനിയും പലവിധ-
മെന്നിട്ടെന്താണൊരു കാര്യം

കാണാൻ കഴിയുന്നില്ലയെനിക്കീ-
വികൃതികൾ കാട്ടി നടപ്പോനെ.

—കുഞ്ഞുണ്ണി

❋



Digitized by Kerala Sahitya Akademi